(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തിലേക്ക് സ്പിരിറ്റിന്റേയും മറ്റു വ്യാജ മദ്യസാധനങ്ങളുടെയും കടത്ത് തടയുന്നതിനുവേണ്ടി സംസ്ഥാനത്തെ പ്രധാന എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കൂടുതൽ എക്സൈസ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിൽ റവന്യൂ, സെയിൽടാക്സ്, പോലീസ്, എക്സൈസ് വനം എന്നീ വകുപ്പുകൾ സംയുക്തമായി റെയിഡുകൾ നടത്തി വ്യാജ മദ്യോത്പാദനവും വിപണനവും തടഞ്ഞു വരുന്നു. ഇതിനുപുറമേ വ്യാജ മദ്യോത്പാദനവും വിപണനവും തടയുന്നതിന് വേണ്ടി സർക്കാർ ഒരു 12 ഇന പരിപാടിക്ക് രൂപം കൊടുത്ത് സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

മദ്യ ദുരന്തങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ സ്ഥിതി

41 (1095) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വ്യാജമദ്യം കുടിച്ചതുമൂലം മരണമടയുകയോ ആശുപത്രികളിൽ ചികിത്സയ്ക്കെത്തിച്ചേരുകയോ ചെയ്തവരുടെ സാമ്പത്തികവും സാമൂഹ്യവുമായ സ്ഥിതിയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ;

(ബി) സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരാണോ മരണപ്പെട്ടതും ചികിത്സയ്ക്ക് വിധേയരായതും ;

(സി) ഇവരെ വ്യാജമദ്യം കുടിപ്പിക്കുവാൻ പ്രേരിപ്പിച്ച വസ്തുത എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതേപ്പറ്റി എക്സൈസ് വകുപ്പ് പ്രത്യേകമായ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എങ്കിലും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരാണ് കൂടുതലായി വ്യാജമദ്യദുരന്തങ്ങളിൽ അകപ്പെടാറുള്ളതെന്ന് മനസ്സിലായിട്ടുണ്ട്.

(ബി) കൂടുതലാളുകളും സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ട വരായിരുന്നു.

(സി) വ്യാജമദ്യം കുടിക്കുവാനുള്ള പ്രേരണ മദ്യപാനാസക്തിയായിരിക്കാനാണ് സാധ്യത.

LIBRARY ARCHIVES Kerala Legislative Assembly